# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2021 നവംബർ 26

# വാർത്താക്കുറിപ്പ്

---

## ആലപ്പി രംഗനാഥിന് ആദരം; ദേശീയ സമ്മേളനം ഡിസംബർ 16 മുതൽ

### രജിസ്ട്രേഷൻ ഡിസംബർ അഞ്ചുവരെ

മഹാത്മാഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സ്റ്റഡീസ് ഇൻ മ്യൂസിക് (ഐ.യു.സി.എസ്.എസ്.എം.) ഡിസംബർ 16, 17 തീയതികളിൽ സംഘടിപ്പിക്കുന്ന 'താളവാദ്യത്തിന്റെ ശാസ്ത്രം' എന്ന വിഷയത്തെ അധികരിച്ചുള്ള ദേശീയ സമ്മേളന പരിപാടിയിൽ പ്രശസ്ത സംഗീതജ്ഞനും സംഗീത സംവിധായകനുമായ ആലപ്പി രംഗനാഥിനെ ആദരിക്കും. പരിപാടിയുടെ ആദ്യദിനം ഡിസംബർ 16ന് രാവിലെ 9.30ന് സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്ന പരിപാടിയിലാണ് ആദരിക്കൽ ചടങ്ങും നടക്കുക. ആസൂത്രണബോർഡ് അംഗവും സർവകലാശാലയുടെ മുൻ വൈസ് ചാൻസലറുമായ ഡോ. ബി. ഇക്ബാൽ ചടങ്ങിൽ വിശിഷ്ടാതിഥിയായിരിക്കും. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, ഐ.യു.സി.എസ്.എസ്.എം. ഓണററി ഡയറക്ടർ പ്രൊഫ. കെ. ജയചന്ദ്രൻ എന്നിവർ പങ്കെടുക്കും. പാറശാല രവി (മൃദംഗം), ചന്ദ്രശേഖര ശർമ്മ (ഘടം), വിജയ് നടേശൻ, മനോജ് കുറൂർ, രത്നശ്രീ അയ്യർ എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് സംസാരിക്കും. വൈകീട്ട് 6.30 മുതൽ 8 വരെ സംഗീത കച്ചേരിയും ഉണ്ടായിരിക്കും.

ഡിസംബർ 17ന് നടക്കുന്ന വിവിധ സെഷനുകളിൽ തൃപ്പൂണിത്തുറ കൃഷ്ണദാസ് (ഇടയ്ക്ക), വിജയ് നടേശൻ, വി.കെ.കെ. ഹരിഹരൻ (മിഴാവ്), കോട്ടയം മുരളീധരൻ (മോർഷാംഗ്), ആലപ്പുഴ വിജയകുമാർ (തകിൽ), തുടങ്ങിയവർ പങ്കെടുക്കും. പ്രശസ്ത സംഗീതജ്ഞർ തിരുവിഴ ജയശങ്കറെ സമാപന ചടങ്ങിൽ സിൻഡിക്കേറ്റംഗം പ്രൊഫ. പി. ഹരികൃഷ്ണൻ ആദരിക്കും. പ്രൊഫ. കോട്ടയം ഉണ്ണികൃഷ്ണനും പരിപാടിയിൽ പങ്കെടുക്കും. ഐ.യു.സി.എസ്.എസ്.എം. സെമിനാർ ഹാളിൽ നടക്കുന്ന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഡിസംബർ അഞ്ചിന് മുമ്പായി പേര് രജിസ്റ്റർ ചെയ്യണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കായിരിക്കും പ്രവേശനം. കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും. 9446356612 എന്ന ഫോൺ നമ്പറിലും jayachandrank@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലും വിവരങ്ങൾ ലഭിക്കും.

(പി.ആർ.ഒ/39/1418/2021)

### നാനോ, എനർജി വിഭാഗങ്ങളിൽ എം.ടെക് പഠനത്തിനവസരം

തൊഴിൽ-ഗവേഷണ മേഖലകളിൽ ശ്രദ്ധിക്കപ്പെടുന്ന നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, എനർജി സയൻസസ് വിഷയങ്ങളിൽ മഹാത്മാഗാന്ധി സർവകലാശാല കാമ്പസിലെ പ്രത്യേക പഠനകേന്ദ്രങ്ങൾ നടത്തുന്ന എം.ടെക് കോഴ്സുകളുടെ പുതിയ ബാച്ചുകളിൽ ഏതാനും സീറ്റുകളിൽ ഒഴിവുണ്ട്. നാലു സെമസ്റ്ററുകളിലായി നടത്തുന്ന കോഴ്സുകളിൽ അവസാന രണ്ട് സെമസ്റ്ററുകൾ വിദേശ സർവകലാശാലകളിൽ സ്റ്റൈപ്പന്റോടെ ഗവേഷണം നടത്തുന്നതിന് അവസരം നൽകുന്നു. എം.ടെക്, ഫിസിക്സ്, കെമിസ്ട്രി, മെറ്റീരിയൽസ് സയൻസ്, പോളിമർ സയൻസ് അല്ലെങ്കിൽ ബി.ടെക് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, കെമിക്കൽ എൻജിനീയറിംഗ്, പോളിമർ ടെക്നോളജി, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, ബയോടെക്നോളജി, സിവിൽ, മെക്കാനിക്കൽ എന്നിവയിൽ ഏതെങ്കിലും ബിരുദമുള്ളവർക്ക് എനർജി സയൻസസിലുള്ള എം.ടെക് പ്രോഗ്രാമിന് അപേക്ഷിക്കാം. എം.ടെക്

ഫിസിക്സ്, കെമിസ്ട്രി, മെറ്റീരിയൽസ് സയൻസ്, പോളിമർ സയൻസ് അല്ലെങ്കിൽ ബി.ടെക് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, കെമിക്കൽ എൻജിനീയറിംഗ്, പോളിമർ ടെക്നോളജി, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, ബയോടെക്നോളജി, സിവിൽ, മെക്കാനിക്കൽ എന്നിവയിൽ ഏതെങ്കിലും ബിരുദമുള്ളവരെയാണ് എം.ടെക് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി കോഴ്സിലേക്ക് പരിഗണിക്കുക. ഇരു കോഴ്സുകൾക്കും എ.ഐ.സി.ടി.ഇ. അംഗീകാരമുള്ളതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 30. കൂടുതൽ വിവരങ്ങൾക്ക് - എം.ടെക് നാനോസയൻസ് ആന്റ് നാനോ ടെക്നോളജി - 9447712540, എം.ടെക്

## പുതുക്കിയ പരീക്ഷ തീയതി

നവംബർ 24ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.എഡ്. (2020 അഡ്മിഷൻ - റഗുലർ/ 2020ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി) ദ്വിവത്സരം പരീക്ഷകൾ ഡിസംബർ ഏഴിന് ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ നടക്കും.

നവംബർ 26ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.സി.എ. പരീക്ഷകൾ ഡിസംബർ ഏഴിന് ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ നടക്കും.

നവംബർ 27ന് അഫിലിയേറ്റഡ് കോളജുകളിൽ നടത്താനിരുന്ന ഒൻപതാം സെമസ്റ്റർ എൽ.എൽ.ബി. പരീക്ഷകൾ നവംബർ 30ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ നടക്കും.

ഡിസംബർ നാലിന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.എ./എം.എസ് സി./ എം.കോം./എം.സി.ജെ./ എം.എസ്.ഡബ്ല്യു./ എം.ടി.എ./എം.എച്ച്.എം./ എം.എം.എച്ച്./ എം.ടി.ടി.എം. (സി.എസ്.എസ്. - 2020 അഡ്മിഷൻ - റഗുലർ/2019 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 10ന് ഉച്ചകഴിഞ്ഞ് രണ്ടുമുതൽ വൈകീട്ട് അഞ്ചുവരെ നടക്കും.

പരീക്ഷാകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/1420/2021)

## പരീക്ഷാ തീയതി

മൂന്നാം വർഷ ബി.എസ് സി. മെഡിക്കൽ മൈക്രോബയോളജി (2015 അഡ്മിഷൻ മുതൽ, 2008-2014 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകൾ ഡിസംബർ എട്ടുമുതൽ നടക്കും. പിഴയില്ലാതെ നവംബർ 29 വരെയും 525 രൂപ പിഴയോടെ നവംബർ 30 നും 1050 രൂപ സൂപ്പർഫൈനോടെ ഡിസംബർ ഒന്നിനും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1421/2021)

## വൈവാ -വോസി

2021 സെപ്റ്റംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എഡ്. (2019 അഡ്മിഷൻ - റഗുലർ - ദ്വിവത്സരം) പരീക്ഷയുടെ വൈവാ -വോസി നവംബർ 29 മുതൽ ഡിസംബർ മൂന്നുവരെ മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടക്കും. വിദ്യാർഥികൾ ഹാൾടിക്കറ്റും തീസീസിന്റെ രണ്ട് കോപ്പിയുമായി പരീക്ഷയ്ക്ക് എത്തണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1422/2021)

## വോക്-ഇൻ-ഇന്റർവ്യൂ 29 ന്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ് വിഷയങ്ങളിൽ ഗസ്റ്റ് അധ്യാപക നിയമനത്തിനുള്ള വാക്ക്-ഇൻ ഇൻറർവ്യൂ നവംബർ 29 ന് രാവിലെ 11.30 ന് സർവ്വകലാശാല അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്കിലെ റൂം നമ്പർ 21 ൽ നടക്കും. ഓ.സി., ഒ. ബി.സി വിഭാഗങ്ങൾക്ക് ഓരോന്നു വീതം എന്ന കണക്കിൽ ഓരോ വിഷയത്തിലും രണ്ട് വീതം ഒഴിവുകളാണുള്ളത്. മാത്തമാറ്റിക്സിലോ അപ്ലൈഡ് മാത്തമാറ്റിക്സിലോ 55 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തര - ബിരുദമാണ് മാത്തമാറ്റിക്സ് വിഭാഗത്തിൽ നിയമനത്തിനുള്ള യോഗ്യത. സ്റ്റാറ്റിസ്റ്റിക്സ്, അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ്, ബയോ സ്റ്റാറ്റിസ്റ്റിക്സ് എന്നിവയിലേതെങ്കിലും ഒന്നിൽ 55 ശതമാനത്തിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദമാണ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ പരിഗണിക്കുക.

ആർ ആന്റ് പൈത്തൺ പ്രോഗ്രാമിങ്ങിൽ പ്രാവീണ്യവും അധ്യാപന പരിചയവുമുള്ള പി. എച്ച് ഡി / യു ജി സി-സി എസ് ഐ ആർ / ജെ ആർ എഫ് / എൻ ഇ റ്റി യോഗ്യതയുള്ളവർക്ക് മുൻഗണന. താത്പര്യമുള്ളവർ വെള്ളക്കടലാസ്സിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ജാതി എന്നിവ തെളിയിക്കുന്ന രേഖകൾ / നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, അധിക യോഗ്യതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവയുടെ അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പും ഹാജരാക്കണം. കോവിഡ് - 19 പ്രോട്ടോക്കോൾ പാലിച്ചായിരിക്കും ഇന്റർവ്യൂ നടക്കുക.

(പി.ആർ.ഒ/39/1423/2021)

## അന്തിമ സ്ഥാനപട്ടിക

2019 മെയ് മാസം നടത്തിയ എം.എസ് സി. മാത്തമാറ്റിക്സ് (പി.ജി.സി.എസ്.എസ്.) പരീക്ഷയുടെ അന്തിമ സ്ഥാനപട്ടിക പ്രസിദ്ധീകരിച്ചു. പാലാ സെന്റ് തോമസ് കോളേജിലെ ജിത ജെയ്ക്ക്, കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളേജിലെ ശ്രുതി എസ്. കുമാർ, എന്നിവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനവും പാലാ സെന്റ് തോമസ് കോളേജിലെ സി.കെ. അഞ്ജലി, കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിലെ അലീന ജോയ് എന്നിവർ മൂന്നാം സ്ഥാനവും നേടി.

(പി.ആർ.ഒ/39/1424/2021)

## ഹാർഡ്‌വെയർ/ നെറ്റ്‌വർക്ക് എൻജിനീയർ നിയമനം

മഹാത്മാഗാന്ധി സർവകലാശാലയിൽ താൽക്കാലിക കരാർ അടിസ്ഥാനത്തിൽ സീനിയർ ഹാർഡ്‌വെയർ/ നെറ്റ്‌വർക്ക് എൻജിനീയർ തസ്തികയിലെ രണ്ട് ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത, അപേക്ഷിക്കേണ്ട രീതി മുതലായ വിവരങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2733303.

(പി.ആർ.ഒ/39/1425/2021)

## സ്റ്റുഡന്റ്സ് ഇൻഡക്ഷൻ പ്രോഗ്രാം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് 2021-22 അക്കാദമിക വർഷത്തിൽ വിവിധ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർഥികൾക്കുള്ള സ്റ്റുഡന്റ് ഇൻഡക്ഷൻ പ്രോഗ്രാം ആരംഭിച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. വകുപ്പ് മേധാവി പ്രൊഫ. പി.റ്റി. ബാബുരാജ് അധ്യക്ഷത വഹിച്ചു. മുഖ്യ പരിശീലകൻ ഐസക് തോമസ് പരിപാടിക്ക് നേതൃത്വം നൽകി. ഡോ. പി.എസ്. സുകുമാരൻ, ഇ. രാജേഷ്, റിൻസിമോൾ മാത്യു എന്നിവർ സംസാരിച്ചു. വിവിധ മേഖലയിലെ വിദഗ്ധർ ക്ലാസുകൾ നടത്തും. നവംബർ 30 വരെയാണ് ഇൻഡക്ഷൻ പ്രോഗ്രാം.

(പി.ആർ.ഒ/39/1426/2021)

## പരീക്ഷാ ഫലം

2021 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. മലയാളം (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1427/2021)

2021 മാർച്ചിൽ നടന്ന രണ്ടാം വർഷ ബാച്ചിലർ ഓഫ് സയൻസ് ഇൻ മെഡിക്കൽ മൈക്രോബയോളജി - സപ്ലിമെന്ററി (2008-2014, 2015-2016) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ ഒൻപതുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1428/2021)

2021 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി. ഹോം സയൻസ് ബ്രാഞ്ച് 10 (എ), 10 (ഡി) പി.ജി.സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ ഒൻപതുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1429/2021)

2021 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. കെമിസ്ട്രി (റഗുലർ, സപ്ലിമെന്ററി), സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ ഒൻപതുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1430/2021)

2021 ജനുവരിയൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. ബോട്ടണി (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ ഒൻപതുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1431/2021)

2021 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.കോം. (സി.എസ്.എസ്.) റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1432/2021)

2021 ജൂണിൽ ഡോ. കെ.എൻ. രാജ് സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ-സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസ് നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (2020-22 ബാച്ച് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1433/2021)

## പാലാ സെന്റ് തോമസ് കോളേജിന് വോളിബോൾ ചാമ്പ്യൻഷിപ്പ്

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിൽ നടന്ന മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ കോളീജിയേറ്റ് വോളിബോൾ ചാമ്പ്യൻഷിപ്പിൽ പാലാ സെന്റ് തോമസ് കോളേജ് ജേതാക്കളായി. നോക്കൗട്ട് കം ലീഗ് അടിസ്ഥാനത്തിൽ നടന്ന ചാമ്പ്യൻഷിപ്പിൽ എല്ലാ മത്സരങ്ങളിലും ഒരു സെറ്റ് പോലും വിട്ടുകൊടുക്കാതെ വിജയിച്ചാണ് സെന്റ് തോമസ് കിരീടം നേടിയത്. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ് രണ്ടാം സ്ഥാനവും കോട്ടയം സി.എം.എസ്. കോളേജ് മൂന്നാം സ്ഥാനവും നേടി. ചെന്നൈയിലെ എസ്.ആർ.എം. യൂണിവേഴ്സിറ്റിയിൽ നടക്കുന്ന ദക്ഷിണമേഖല അന്തർസർവ്വകലാശാല വോളിബോൾ ചാമ്പ്യൻഷിപ്പിലേയ്ക്കുള്ള എം.ജി. യൂണിവേഴ്സിറ്റി ടീമിനെ ഈ ടൂർണമെൻ്റിൽ പങ്കെടുത്ത ടീമിൽ നിന്നാണ് തിരഞ്ഞെടുക്കുന്നത്.

## ഫോട്ടോ ക്യാപ്ഷൻ

**എം.ജി. യൂണിവേഴ്സിറ്റി ഇന്റർ കോളിജീയേറ്റ് വോളിബോൾ ചാമ്പ്യൻഷിപ്പിൽ**
**വിജയികളായ പാലാ സെന്റ് തോമസ് കോളേജ് ടീം**

(പി.ആർ.ഒ/39/1434/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ